"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-2025-26 ശബരിമല തീർത്ഥാടനകാലത്തെ തിരക്ക് നിയന്ത്രിക്കുന്നതിനായി നിയോഗിച്ച സ്പെഷ്യൽ പോലീസ് ഓഫീസർമാരുടെ (SPO) വേതന ഇനത്തിലെ കുടിശ്ശിക തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എസ്.സി.)വകുപ്പ്**

സ.ഉ.(സാധാ) നം.1786/2026/HOME തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 3533/2025/ആഭ്യന്തരം, തീയതി 16/10/2025

2. സ.ഉ.(സാധാ)നം.4040/2025/ആഭ്യന്തരം, തീയതി 24/11/2025

3. സ.ഉ.(സാധാ)നം.4313/2025/ആഭ്യന്തരം, തീയതി 12/12/2025

4 സ.ഉ.(സാധാ)നം.212/2026/ഫിൻ, തീയതി 09/01/2026

5 സംസ്ഥാന പൊലീസ് മേധാവിയുടെ 18/04/2026 തീയതിയിലെ U2-177227/2025/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ശബരിമല തീർഥാടന കാലത്തെ പൊതു ക്രമസമാധാനപാലനത്തിനും തിരക്ക് നിയന്ത്രിക്കുന്നതിനും 1500 സ്പെഷ്യൽ പോലീസ് ഓഫീസർമാരെ നിയോഗിക്കുന്നതിന് പരാമർശം (1),(2) പ്രകാരം അനുമതി നല്കിയിട്ടുണ്ട്. ഇത്തരത്തിൽ നിയോഗിക്കുന്ന സ്പെഷ്യൽ പൊലീസ് ഓഫീസർമാരുടെ ദിവസവേതനം ₹770/- രൂപയാക്കി നിശ്ചയിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് നല്കിയിരുന്നു.

2025-26 ശബരിമല തീർത്ഥാടനക്കാലത്ത് നിയോഗിച്ചിരുന്ന 1389 സ്പെഷ്യൽ പൊലീസ് ഓഫീസർമാർക്ക് ദിവസേന ₹770/-രൂപ നിരക്കിൽ വേതനം നല്കുന്നതിനുള്ള ആകെ തുകയായ ₹5,34,54,940/- രൂപയിൽ ആദ്യ ഗഡുയായി ₹3,46,50,000/ രൂപ 2055-00-109-99-00-34-03-N-V എന്ന ശീർഷകത്തിൽ പരാമർശം (4) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചിലവിലേയ്ക്ക്, വേതനം നല്കുന്നതിന് ഇനി അനുവദിക്കാനുള്ള തുകയായ ₹1,88,04,940/- രൂപ അനുവദിക്കണമെന്ന് സംസ്ഥാന പൊലീസ് മേധാവി പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 ശബരിമല തീർത്ഥാടനകാലത്തെ തിരക്ക് നിയന്ത്രിക്കുന്നതിനായി നിയോഗിച്ചിരുന്ന

സ്പെഷ്യൽ പോലീസ് ഓഫീസർമാരുടെ വേതന ഇനത്തിലെ കുടിശ്ശിക തുകയായ ₹1,88,04,940-രൂപ "2055-00-109-99-00-34-OC-03-Other Charges N-V" എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മൃണാൾസെൻ എം
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പൊലീസ് മേധാവി, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) , കേരളം.
അക്കൗണ്ടന്റ് ജനറൽ , ഓഡിറ്റ് കേരളം.
ഡയറക്ടർ, ട്രഷറി വകുപ്പ് , കേരളം
ധനകാര്യ വകുപ്പ് (15/05/2026 തീയതിയിലെ EXP-A3/411/2025-FINനമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)
ആഭ്യന്തര (ഇ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ്ബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
സെക്ഷൻ ഓഫീസർ
Date: 22-05-2026 11:28:28